**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2095** **14-10-2024-ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലേക്ക് 2019-ന ശേഷം പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

**മറുപടി:** കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലേയ്ക്ക് പുതിയ അംഗങ്ങളെ ചേർക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. നിലവിൽ ABPMJAY /KASP പദ്ധതി പ്രകാരം അർഹരായ ഗുണഭോക്തൃ കുടുംബങ്ങൾക്ക് 5ലക്ഷം രൂപയുടെ വാർഷിക ചികിത്സാ ആനുകൂല്യങ്ങൾ പൊതു സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 583 ആശുപത്രികൾ വഴി നൽകി വരുന്നുണ്ട്. 2018-2019 കാലയളവിൽ സാധുതയുള്ള RSBY/CHIS കാർഡ് കൈവശമുണ്ടെങ്കിൽ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. RSBY/CHIS വിഭാഗങ്ങൾക്ക് പുറമെ കേന്ദ്ര സർക്കാർ 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം തിരഞ്ഞെടുത്ത ദുർബല വിഭാഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അർഹരാണ്. ദുർബലമായ ഗോത്ര വർഗ്ഗ വിഭാഗങ്ങളെ 'കാസ്പ്' പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള പി.വി.ടി.ജി. ക്യാമ്പുകൾ ജില്ലാ ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തു സജീവമായി നടന്നു വരികയാണ്.

മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിന് താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സ ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ചികിത്സാ പരിരക്ഷ ലഭിക്കുന്നതാണ്. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപവരെ അധിക ചികിത്സാ ആനുകൂല്യം ഈ പദ്ധതി മുഖേന ലഭിക്കുന്നതാണ്.

കൂടാതെ, രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ APL /BPL വ്യത്യാസമില്ലാതെ ചികിത്സാ സഹായം ലഭിക്കും. ഒരു വയസ്സു മുതൽ പതിനെട്ടുവയസ്സ് വരെ പ്രായമുള്ള കുട്ടികൾ ഈ പദ്ധതി പ്രകാരം ചികിത്സയ്ക്ക് അർഹരാണ്.

ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇമ്പ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. അഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്ക് ഈ പദ്ധതിയിൽ അർഹതയുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയിൽ അംഗമല്ലാത്ത സാധാരണക്കാർക്ക് ചെലവേറിയ ചികിത്സകൾക്ക് സ്വന്തം നിലയിൽ പണം മുടക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു

**(സി)** എങ്കിൽ നിർധന കുടുംബങ്ങളെ ബാധിക്കുന്ന പ്രസ്തുത വിഷയത്തിൽ അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു

**സെക്ഷൻ ഓഫീസർ**